6466
8/6/15 -

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ - കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് അനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 248/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 28.04.2015.

പരാമർശം:- 1. 30.03.2015-ലെ സ.ഉ. (സാധാ) നം.205/2015/സാ.നീ.വ. നമ്പർ ഉത്തരവ്.
2. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സെക്രട്ടറിയുടെ 06.04.2015, 21.04.2015 തീയതികളിലെ 898/ഭരണം/2014/കേ.സം.ബാ.സം.ക. നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആവശ്യത്തിലേയ്ക്ക് സിഗ്മാ സൊല്യൂഷൻസിൽ നിന്നും 8 കമ്പ്യൂട്ടറുകളും പ്രിന്ററുകളും ടെണ്ടർ തുകയുടെ 4% വർദ്ധിപ്പിച്ച തുകയ്ക്ക് "2235-02-102-53-05-ഓഫീസ് എക്സ്പെൻസസ്-04-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വാങ്ങുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2. എന്നാൽ കമ്മീഷൻ അംഗങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകളും പ്രിന്ററുകളും മേൽ സൂചിപ്പിച്ച ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ആർ.റ്റി.ഇ-യുടെ ആവശ്യത്തിനായുള്ള 2 കമ്പ്യൂട്ടറുകളും പ്രിന്ററുകളും എസ്.എസ്.എ. ഫണ്ടിൽ നിന്നും വാങ്ങുന്നതിനുമുള്ള അനുമതിക്കായി മേൽ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് കമ്മീഷൻ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗങ്ങൾക്കാവശ്യമായ 6 കമ്പ്യൂട്ടറുകളും പ്രിന്ററുകളും കമ്മീഷന്റെ ഓഫീസ് ചെലവിന് വകയിരുത്തിയിട്ടുള്ള "2235-02-102-53-05-ഓഫീസ് എക്സ്പെൻസസ്-04-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ നിന്നും ആർ.റ്റി.ഇ-യുടെ ആവശ്യത്തിനായുള്ള 2 കമ്പ്യൂട്ടറുകളും പ്രിന്ററുകളും തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 70-ൽ നിക്ഷേപിച്ചിട്ടുള്ള

എസ്.എസ്.എ. ഫണ്ടിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകി മേൽ ഉത്തരവ് ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

പരാമർശ ഉത്തരവ് ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, ശ്രീഗണേശ്, റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ, തിരുവനന്തപുരം - 695 034.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.